<u>അനുബന്ധം</u>

എന്റെ കേരളം 2023 പ്രദർശന വിപണന മേളയോടനുബന്ധിച്ച് ഇംഗ്ലീഷിലുള്ള ഒരു ബുക്ക് ലെറ്റ് അച്ചടിക്കുന്നതിന് താത്പര്യമുള്ള സംസ്ഥാനത്തെ ആധുനിക സൗകര്യങ്ങളുള്ള അച്ചടി സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചിട്ടുണ്ട്. വിശദവിവരങ്ങൾക്ക് വകുപ്പിന്റെ വെബ്സൈറ്റ് (www.prd.kerala.gov.in) സന്ദർശിക്കുക

I/5663417/2023

"ഭരണഭാഷ- മാതൃഭാഷ"　　　　കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്

നമ്പർ.സി3/39/2023/ഐ&പിആർ　　　　തിയതി: 23-03-2023

<u>ക്വട്ടേഷൻ നോട്ടീസ്</u>

എന്റെ കേരളം 2023 പ്രദർശന വിപണന മേളയോടനുബന്ധിച്ച് ഇംഗ്ലീഷിലുള്ള ബുക്ക് ലെറ്റിന്റെ 1500 കോപ്പികൾ താഴെപ്പറയുന്ന സ്പെസിഫിക്കേഷനിൽ അച്ചടിക്കുന്നതിന് താത്പര്യമുള്ള സംസ്ഥാനത്തെ ആധുനിക സൗകര്യങ്ങളുള്ള അച്ചടി സ്ഥാപനങ്ങളിൽ നിന്നും വകുപ്പിന്റെ നിബന്ധനകൾ പാലിച്ചു കൊണ്ട് മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

<u>സ്പെസിഫിക്കേഷൻ</u>

വലിപ്പം - 20cm X 20 cm

പേജുകളുടെ എണ്ണം - 16 (കവർ ഉൾപ്പെടെ)

പേപ്പർ - 170 ജിഎസ്എം ആർട്ട് പേപ്പർ (Centre Stappling)

<u>പൊതു നിബന്ധനകൾ</u>

1.സംസ്ഥാനത്തിനകത്ത് ആസ്ഥാന ഓഫീസും സ്വന്തമായി പ്രസ്സുമുള്ള സ്ഥാപനത്തെ മാത്രമേ പരിഗണിക്കുകയുള്ളൂ. ബന്ധപ്പെട്ട രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം.

2.മൂന്ന് കോടി രൂപയുടെ ടേൺ ഓവർ ഉള്ള സ്ഥാപനമായിരിക്കണം. സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുന്നതിൽ കുറഞ്ഞത് 5 വർഷത്തെ പ്രവൃത്തി പരിചയമെങ്കിലും ഉണ്ടായിരിക്കണം. ബന്ധപ്പെട്ട രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം.

3.അച്ചടിക്കായി മാറ്റർ നല്കി കഴിഞ്ഞാൽ പരമാവധി അഞ്ചു ദിവസത്തിനകമോ വകുപ്പ് നിർദ്ദേശിക്കുന്നതിനനുസരിച്ചോ അച്ചടി പൂർത്തിയാക്കി പ്രസിദ്ധീകരണം ലഭ്യമാക്കണം.

4.അച്ചടിക്കൂലിയും നിയമാനുസൃതമായ നികുതിയും അല്ലാതെ മറ്റൊരു തുകയും അനുവദിക്കുന്നതല്ല. ആയതിനാൽ മറ്റ് ഫീസോ നിരക്കോ ബില്ലിൽ ഉൾപ്പെടുത്താൻ പാടുള്ളതല്ല.

5.വകുപ്പിൽ നിന്ന് മുമ്പ് അച്ചടി കരാർ ലഭിച്ച ശേഷം കരാർ ലംഘനം നടത്തിയ സ്ഥാപനങ്ങളെ പരിഗണിക്കാതിരിക്കാൻ ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

6. അച്ചടിക്കടലാസുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

7. അച്ചടി സ്ഥാപനത്തിന്റെ ശേഷി, യന്ത്ര സംവിധാനങ്ങളുടെ മികവ്, അച്ചടി കൃത്യമായി നിർവ്വഹിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ എന്നിവ ഡയറക്ടറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഓഫീസറോ പരിശോധിച്ച ശേഷമായിരിക്കും കരാർ സംബന്ധിച്ച അന്തിമ തീരുമാനമെടുക്കുക. ഉന്നത ഗുണനിലവാരത്തിലും വേഗത്തിലും അച്ചടിക്കാനുള്ള അത്യാധുനിക യന്ത്രസംവിധാനം പ്രസ്സുകളിൽ ഉണ്ടായിരിക്കണം. പ്രസ്സിന്റെ നിലവാരവും സംവിധാനവും പരിശോധിച്ച് കരാർ സംബന്ധിച്ച അന്തിമ തീരുമാനം എടുക്കാൻ ഡയറക്ടർക്ക് പൂർണ്ണ

അധികാരമുണ്ടായിരിക്കുന്നതാണ്.

8.കരാർ വ്യവസ്ഥ ലംഘിക്കുന്ന സ്ഥാപനത്തിന്റെ കരാർ റദ്ദാക്കാനുള്ള അധികാരം ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

**ക്വട്ടേഷൻ നോട്ടീസ് പ്രസിദ്ധീകരിക്കുന്ന തീയതി** - 23/03/2023

**ക്വട്ടേഷൻ അവസാന തീയതി** - 27/03/2023 1 PM

**തുറക്കുന്ന തീയതി** - 27/03/2023 02.30 PM

സുഭാഷ് ടി വി ഐ.എ.എസ്

ഡയറക്ടർ